നിരണത്തുപള്ളി

ഭരണവ്യവസ്ഥകൾ

(൧൦൯൮ മേടം ൧൯-ാംനു- കൂടിയ പൊതുയോഗത്തിൽ നിശ്ചയിച്ച മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സിലെ അനുമതി സിദ്ധിച്ചിട്ടുള്ളതു്.]

1923

K. V. Press, Tiruvalla.

വിശുദ്ധ കന്യാസ്ത്രീയമ്മയുടെ നാമത്തിൽ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന നിരണത്തുപള്ളിവക കാര്യാദികളുടെ നടത്തിപ്പിനെപ്പറ്റി ആലോചിപ്പാനും വേണ്ട നിശ്ചയങ്ങൾ ചെയ്യാനുമായി പള്ളിയിലെ ദിവ്യശ്രീമാന്മാരായ പട്ടക്കാരും അയ്യേമ്നികളായ ഇടവകജനങ്ങളും കൂടി പള്ളിയിൽ ക്രിസ്ത്വാബ്ദം ൧൯൧൯ നീസാൻ ൨൩-ക കൊല്ലവർഷം ൧൦൯൪ മേടം ൧൦-൨൩-വെള്ളിയാഴ്ച കൂടിയ പൊതുയോഗത്തിൽനിന്നും ചെയ്ത നിയമങ്ങളെ മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സന്നിധിയിൽ സമർപ്പിച്ചതിൽ ചെയ്ത ഭേദഗതിയനുസരിച്ച് അസ്സലാക്കീട്ടുള്ള നിയമങ്ങൾ.

൧. സഭയും പള്ളിയും

൧. ഈ പള്ളി, മലങ്കരസുറിയാനി സഭയിൽപെട്ട ഒരു ഇടവകയും, പള്ളിയും സ്വത്തുക്കളും ടി സഭവക ഒരു ട്രസ്റ്റും ആകുന്നു. പള്ളിയിലെ ബ: പട്ടക്കാരും ഇടവകജനങ്ങളും ആ സഭയുടെ പരിശുദ്ധങ്ങളായ വിശ്വാസാചാരാദികളെ സ്വീകരിച്ചിരിക്കുന്നവരും സ്വീകരിക്കേണ്ടവരുമാകുന്നു.

൨. മലങ്കരസുറിയാനിസഭയുടെ ഇപ്പോഴത്തെ മെത്രാപ്പോലീത്താ നി. വ. ദി. ശ്രീ, മാർഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയാണ്. ഈ പള്ളിപുതുക്കി പണികഴിപ്പിച്ച ശേഷം അതിൻെറ പ്രതിഷ്ഠ കൂദാശ ൧൦൮൭ കുംഭമാസം ൨-ാം൹ നടത്തിയതും ആ തിരുമേനിയാണ്.

൩. ഈ ഇടവകയിൽ ചേർന്ന ബ: അച്ചന്മാരും അയ്യേമ്നികളും ആ തിരുമേനിയുടേയും അദ്ദേഹത്തിൻെറ അസിസ്റ്റൻറായ ഈ ഇടവകമെത്രാപ്പോലീത്തായുടേയും പിൻഗാമികളുടേയും അധികാരത്തെയും കല്പനകളേയും അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരാണ്.

൨. വികാരിഅച്ചൻ.

൪. എല്ലാ പള്ളികൾക്കും എന്നപോലെ ഈ പള്ളിക്കും വികാരിഅച്ചനെ നിയമിപ്പാനുള്ള അധികാരം മെത്രാപ്പോലീത്താ തിരുമനസ്സിലേക്കാണ്. തിരുമനസ്സുകൊണ്ടു ഏതു പട്ടക്കാരനെ വികാരിയായി നിയമിക്കുന്നുവോ അദ്ദേഹത്തെ

വികാരിയായി ഈ പള്ളിയിലെ പട്ടക്കാരും അയ്മേനികളും സ്വീകരിച്ചുകൊള്ളുന്നു. വികാരി അച്ചൻ പള്ളിയിലെ ഒരു ട്രസ്റ്റിയായിരിക്കുന്നതാണ്. ഇപ്പോൾ ഈ പള്ളിയുടെ വികാരി അച്ചൻ ബ. പള്ളിവാതുക്കൽ ഗീവറുഗീസ്സു കത്തനാർ അവർകളാണ്.

൩. ഇടവകകമ്മട്ടി.

൫. ഈ പള്ളിവക ലൌകീകാസ്ഥാനം സംബന്ധിച്ച് ഭരണസമ്പ്രദായത്തിലും അതിന്റെ നടത്തിപ്പിലും പലവിധ കുഴപ്പങ്ങളും അതുമൂലം പട്ടക്കാരുടെയും ജനങ്ങളുടെയും ഇടയിൽ യോജിപ്പുകേടും ഉണ്ടായിരിക്കുന്നതിനാലും, ഭരണരീതി, അതിനെ പ്രവൃത്തിയിൽ കൊണ്ടുവരേണ്ട വിധം മുതലായ സംഗതികളെ ക്രമീകരിക്കേണ്ടത് ഏറ്റവും ആവശ്യമായിരിക്കുന്നു.

൬. ഭരണവിഷയത്തിൽ ഇടവകജനങ്ങൾ എല്ലാവരും സമാവകാശികളും തുല്യഅർഹതയുള്ളവരും ആണെങ്കിലും എല്ലാ കാര്യങ്ങളും ഇടവകജനങ്ങൾ എല്ലാവരുംകൂടി ആലോചിച്ചു നടത്തുന്നതു അസാദ്ധ്യമാകയാൽ അതിലേക്കു ബ. അച്ചന്മാരുടെയും അയ്മേനികളുടെയും പ്രാതിനിദ്ധ്യം വഹിക്കുന്ന ഒരു കമ്മട്ടി ഉണ്ടായിരിക്കേണ്ടതാണ്.

൭. ഈ കമ്മട്ടിയുടെ പേർ നിരണം ഇടവകകമ്മട്ടി എന്നായിരിക്കണം.

൮. ഈ കമ്മട്ടിയിൽ ബ. വികാരിയച്ചൻ ഉൾപ്പെടെ ൪ പട്ടക്കാരും കൈക്കാരൻ ഉൾപ്പെടെ ൮ അയ്മേനികളും ചേർന്ന ൧൨ മെമ്പ്രന്മാർ ഉണ്ടായിരിക്കേണ്ടതാണ്.

൯. പള്ളിവകസകലകാര്യാദികളും ഈ കമ്മട്ടിയുടെ നിശ്ചയങ്ങൾ അനുസരിച്ചു നടത്തേണ്ടതാണ്.

൪. കമ്മട്ടിമെമ്പ്രന്മാരെ തിരഞ്ഞെടുക്കുന്ന രീതിയും അവരുടെ കാലാവധിയും.

൧൦. പ്രസിഡന്റ്. മെത്രാപ്പോലീത്താ തിരുമേനിയാൽ അപ്പഴപ്പോൾ നിയമിക്കുന്ന വികാരിയച്ചൻ കമ്മട്ടിയുടെ പ്രസിഡണ്ടായിരിക്കണം. പ്രസിഡന്റു ഹാജരുള്ള എല്ലാ കമ്മട്ടി മീററിങ്ങിലും അദ്ദേഹം അദ്ധ്യക്ഷം വഹിക്കുകയും മീററിങ്ങ ശരിയായി നടത്തിക്കുകയും ചെയ്യണം.

കൈക്കാരനും സിക്രട്ടറിയും.—ഇടവകയിൽപെട്ട പട്ടക്കാരും അയ്മേനികളും കൂടി അവരുടെ എല്ലാവരുടെയും ഭൂരിപക്ഷത്തിന്റെ അനുമതിയിന്മേൽ ഒരു അയ്മേനിയെ കമ്മട്ടിസിക്രട്ട

റിയും പള്ളി കൈക്കാരനുമായി തിരഞ്ഞെടുത്തു മെത്രാപ്പോലീത്താ തിരുമേനിയുടെ സമ്മതം വരുത്തിയശേഷം സ്ഥിരപ്പെടുത്തണം.

മെമ്പ്രന്മാർ.—ഈ ഇടവകപട്ടക്കാരിൽ വികാരി ഉൾപ്പടെ നാലുപേരെയും അയ്മേനികളിൽ കൈക്കാരൻ ഉൾപ്പെടെ വ പേരെയും കമ്മട്ടിമെമ്പ്രന്മാരായിപട്ടക്കാരും അയ്മേനികളുംകൂടി തിരഞ്ഞെടുത്തു നിയമിക്കണം.

൧൧. പ്രസിഡണ്ടു ഒഴികെശേഷം ഉള്ള മെമ്പ്രന്മാർഎല്ലാവരേയും ഓരോകൊല്ലത്തേക്കുമാത്രം നിയമിക്കേണ്ടതും ഒരു കൊല്ലം കഴിയുമ്പോൾ വേറെ മെമ്പ്രന്മാരെ താഴക്കാണിച്ചിരിക്കുന്ന വിധത്തിലും കാലത്തും നിയമിക്കേണ്ടതുമാകുന്നു.

൫. കൈക്കാരൻ.

൧൨. സിക്രട്ടറിയും കൈക്കാരനുമായി നിയമിക്കപ്പെട്ടന്നാളാൾ ബ: വികാരിയച്ചനോടുകൂടി പള്ളിയുടെട്രസ്റ്റിയായിരിക്കുന്നതാണ്.

൧൩. പള്ളിവക സകല കാര്യാദികളും കമ്മട്ടിയുടെ നിശ്ചയമനുസരിച്ചും അവരുടെ ആലോചനയിന്മേലും നടത്തേണ്ട ചുമതല കൈക്കാരനിൽ ഇരിക്കുന്നതാണ്.

൧൪. പള്ളിവക സകലവിധ വരവുചിലവുകൾക്കും നാൾവഴിപേരേടു മുതലായ കണക്കുകൾ ശരിയായും സത്യമായും കൈക്കാരൻ എഴുതുകയും എഴുതിക്കുകയും ചെയ്യേണ്ടതാണ്. ഈ കണക്കുകളിൽ ദിവസേന വരവുചിലവുകളുടെ ആകത്തുകയും (നെല്ലുംപണവും) നീക്കി ഇരുപ്പും കാണിച്ചിരിക്കണം.

൧൫. ഓരോ മാസത്തിൻെറ അവസാനത്തിൽ മാസാന്ത്യബാക്കിപ്പത്രം തീർക്കയും അതിൽ കൈക്കാരൻ ഒപ്പിടുകയും ചെയ്യണം. ഇതിലേക്കു മാസാന്ത്യ തിരട്ടുബുക്ക് എന്നൊരു പ്രത്യേക ബുക്കു വെക്കേണ്ടതാണ്.

൧൬. പള്ളിവക നിത്യനിദാനചിലവിനും പതിവടിയന്തിരങ്ങൾക്കും വേണ്ടിവരുന്ന ചിലവിനെ ക്രമപ്പെടുത്തി കമ്മട്ടിക്കാർ നിശ്ചയിക്കുന്ന പടിത്തരം അനുസരിച്ചു അപ്പഴപ്പോൾ കൈക്കാരനു സ്വയമായി ചിലവുചെയ്വാൻ അധികാരമുള്ളതാണ്. പെട്ടെന്നു എന്തെങ്കിലും ആവശ്യം നേരിടുകയും കമ്മട്ടി വിളിച്ചുകൂട്ടി മീററിംങ്ങിൽ അതിനെപ്പററി ആലോചിക്കുന്നതിനു തരമില്ലാതെയും വരുന്ന വിഷയത്തിൽ ൧൫ രൂപയിൽ കവിയാതെ ഒരു സംഖ്യ ചിലവുചെയ്യുന്നതിനും കൈക്കാരനു

അധികാരമുണ്ട്. എന്നാൽ ഇപ്രകാരം എന്തെങ്കിലും ചിലവു ചെയ്യുന്നതിനു ഇടയായാൽ ആ വിവരം അടുത്ത കമ്മട്ടി മീററിങ്ങിൽ ബോധിപ്പിച്ചു, കമ്മട്ടിയുടെ അംഗീകരണം വാങ്ങിക്കൊള്ളേണ്ടതാണ്. കമ്മട്ടിക്കാർക്ക് ആ ചിലവിനെ സ്വീകരിപ്പാനോ നിഷേധിക്കുവാനോ ചെയ്യാവുന്നതാണ്.

൧൩. കൈക്കാരന്റെ സ്വന്ത അധീനത്തിൽ ഇരിക്കും അനാമത്തുപണമായിൽ അധികം വെച്ചുകൊണ്ടിരിപ്പാൻ പാടില്ലാത്തതും കൂടുതൽ സംഖ്യവന്നാൽ ഉടൻ കൂട്ടിൽ ചെലവാക്കുകയോ കമ്മട്ടിക്കാർ നിശ്ചയിക്കുന്ന ബാങ്കിൽ ഏല്പിക്കയോ ചെയ്യേണ്ടതാണ്.

൧൪. നെല്ലിടുന്ന അറയുടെ താക്കോൽ കൈക്കാരന്റെ അധീനത്തിൽ ഇരിക്കേണ്ടതാണ്. എന്നാൽ നെല്ലുവില്ക്കുന്ന വിഷയത്തിൽ കമ്മട്ടിയിൽ നിന്നും നിശ്ചയിക്കുന്ന വിലയിൽ കുറച്ചു വില്പാൻ കൈക്കാരനു അധികാരമില്ലാത്തതാണ്.

൧൫. പള്ളിവക സകല വരുമാനങ്ങളും വാങ്ങുന്നതിനു കൈക്കാരനുമാത്രം അധികാരമുള്ളതാണ്. എന്നാൽ എന്തെങ്കിലും സംഖ്യ പട്ടക്കാരുടെ കൈവശം വരുന്നതായാൽ അവർ അപ്പോഴപ്പോൾ ആ സംഖ്യയും കൈക്കാരനെ ഏല്പിച്ചു രസീതുവാങ്ങിക്കൊള്ളേണ്ടതാണ്. രേശകുറികൊടുക്കുന്ന വിഷയത്തിൽ പള്ളിക്ക വരുവാനുള്ള പണം മുഴുവനും വാങ്ങി കൈക്കാരൻ രേശകുറിയിൽ ഒപ്പിട്ട ബ: വികാരിയച്ചന്റെ അടുക്കൽ അയച്ചുകൊടുക്കേണ്ടതും വികാരിയച്ചൻ അതിൽ ഒപ്പിട്ടതിന്റെശേഷം രേശകുറി കൊടുക്കേണ്ടതും ആകുന്നു.

൧൬. കമ്മട്ടി മീററിങ്ങു, ഇടവകയോഗം ഇവകളിൽ ഒന്നിലും നടക്കുന്ന നടപടികളും തീരുമാനിക്കുന്ന നിശ്ചയങ്ങളും പള്ളിവക നടപടിബുക്ക് എന്നൊരു ബുക്കിൽ കൈക്കാരൻ എഴുതേണ്ടതും കൈക്കാരൻ ഒപ്പിട്ടു അതിനെ അടുത്തയോഗത്തിൽ വായിച്ചു പാസ്സാക്കിക്കുകയും ആ യോഗത്തിലെ അദ്ധ്യക്ഷനെക്കൊണ്ട് ആ വിവരം പുസ്തകത്തിൽ എഴുതി ഒപ്പിടുവിക്കേണ്ടതും ആകുന്നു.

൩. കമ്മട്ടിമീററിങ്ങ്

൧൭. സാധാരണയായി ഇടവകക്കമ്മട്ടി രണ്ടു മാസത്തിൽ ഒരിക്കൽ കൂടണം.

൧൮. ഇന്നമാസം ഇന്നാംതീയതിതോറും കമ്മട്ടിമീററിംങ്ങു ഉണ്ടാകേണ്ടതാകുന്നു എന്നു മെമ്പ്രന്മാർ ആദ്യമീററിങ്ങിൽ നിശ്ചയിക്കേണ്ടതാണ്.

൧൩. വല്ല പ്രത്യേകകാരണങ്ങളാലും കമ്മട്ടി വിശേഷാൽക്കൂടേണ്ട ആവശ്യമുണ്ടെന്നു് ബ. വികാരിയച്ചനോ കൈക്കാരനോ അഭിപ്രായപ്പെടുന്ന വിഷയത്തിലും കമ്മട്ടിയുടെ പ്രത്യേകയോഗം കൂട്ടാവുന്നതാണ്.

൧൪. കമ്മട്ടി കൂടുന്നതിനുള്ള എല്ലാ നോട്ടീസുകളും വികാരിയച്ചന്റെ കയ്യൊപ്പോടുകൂടി എല്ലാ മെമ്പ്രന്മാൎക്കും അയക്കേണ്ടതും മെമ്പറന്മാർ ആ നോട്ടീസു കണ്ടു എന്നുള്ള ലക്ഷ്യത്തിലേക്കായി ആ നോട്ടീസിൽ ഒപ്പിടേണ്ടതും ആകുന്നു.

൧൫. ഈ നോട്ടീസ് മീററിംഗു കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന തീയതിക്കു മൂന്നു ദിവസമെങ്കിലും മുമ്പായി എല്ലാ മെമ്പ്രന്മാരേയും കാണിച്ചിരിക്കേണ്ടതാണ്. വികാരിയച്ചൻ നോട്ടീസയച്ചു കമ്മട്ടിമീററിംഗ് കൂട്ടാതെയിരുന്നാൽ കൈക്കാരനോ മൂന്നിൽകുറയാതെയുള്ള കമ്മട്ടിമെമ്പ്രന്മാരോ നോട്ടീസയച്ചു മീററിംഗു കൂട്ടാവുന്നതാണ്. ഇങ്ങനെകൂടുന്ന വിശേഷാൽ യോഗത്തിന്റെ ഉദ്ദേശം എന്താണെന്നു പ്രത്യേകം നോട്ടീസിൽ വിവരിച്ചിരിക്കേണ്ടതാണ്.

൧൬. പ്രസിഡണ്ട് ഹാജരുള്ള എല്ലാ കമ്മട്ടിമീററിംഗിലും അദ്ദേഹം അദ്ധ്യക്ഷം വഹിക്കേണ്ടതും പ്രസിഡന്റു ഹാജരില്ലെങ്കിൽ ഹാജരുള്ള ഏതെങ്കിലും പട്ടക്കാരനെ അദ്ധ്യക്ഷനായി നിയമിച്ച് മീററിംഗ് നടത്താവുന്നതുമാണ്.

൧൭. പ്രസിഡന്റു ഉൾപ്പെടെയുള്ള എല്ലാ മെമ്പ്രന്മാൎക്കും ഒരു വോട്ടുവീതം ഉണ്ടായിരിക്കുന്നതും ഏതെങ്കിലും വിഷയത്തിൽ എതിരഭിപ്രായങ്ങൾ സ്വീകരിച്ചിരിക്കുന്ന മെമ്പ്രന്മാരുടെ സംഖ്യ തുല്യമായി വരുന്നപക്ഷം അദ്ധ്യക്ഷനു ഒരു കൂടുതൽ വോട്ടു ഉണ്ടായിരിക്കുന്നതും ആണ്.

൧൮. ഏഴു മെമ്പ്രന്മാരെങ്കിലും ഹാജരില്ലാതെ കമ്മട്ടിയുടെ യാതൊരു മീററിംഗും നടത്തിക്കൂടാ. ഇവരിൽ ഒരാളെങ്കിലും ഒരു പട്ടക്കാരനായിരിക്കണം.

൧൯. കമ്മട്ടിയുടെ സാധാരണമീററിങ്ങിൽ അതേവരെയുള്ള കണക്കുകൾ മാസാന്ത്യതിരട്ടുസഹിതം കൈക്കാരൻ ഹാജരാക്കേണ്ടതും അതിനെ കമ്മട്ടി സ്വീകരിക്കുന്നപക്ഷം ആ വിവരവും അല്ലാത്തപക്ഷം കാരണസഹിതം ആ വിവരവും കാണിച്ചു കമ്മട്ടി നിശ്ചയം ചെയ്യേണ്ടതാണ്.

൨൦. ആണ്ടു തികഞ്ഞു രണ്ടാഴ്ചവട്ടത്തിനകം കഴിഞ്ഞ കൊല്ലത്തെ സകല കണക്കുകളും തീൎത്തു ബാക്കിപത്രം തയാറാ

ക്കി കണക്കുകളും ബാക്കിപത്രവും കണക്കുപരിശോധകന്മാരെ കൈക്കാരൻ ഏല്പ്പിക്കണം.

൧൮. ഈ നിശ്ചയങ്ങൾ അനുസരിച്ചു ആദ്യമായി നിയമിക്കപ്പെടുന്ന കമ്മട്ടിയിൽനിന്നും താഴെ എഴുതിയിരിക്കുന്നവയിൽ ജി. സംഗതി ഒഴിച്ചു മററുള്ള സംഗതികൾ ഇന്നുമുതൽ രണ്ടു മാസത്തിനകവും ജി. സംഗതി ൩ മാസത്തിനകവും നടത്തേണ്ടതാണ്.

എ. പള്ളിവകയായ സകല സ്ഥാവരവസ്തുക്കളുടേയും ഒരു ലിസ്റ്റ് തയ്യാറാക്കണം. ഈ ലിസ്റ്റിൽ വസ്തുക്കളുടെ ഇനം, സർവ്വേനമ്പർ വിസ്തീർണ്ണം ഇപ്പോഴത്തെ കൈവശക്കാരൻ അവരുടെ അവകാശം, വസ്തുവിൽനിന്നും കിട്ടിവരുന്ന ആദായം മുതലായി വസ്തുക്കളെപ്പററി അറിവാനുള്ള എല്ലാ വിവരങ്ങളും അടങ്ങിയിരിക്കണം.

ബി. പള്ളിവകയായുള്ള പൊൻ,വെള്ളി,വെങ്കലം,ശീലവ്യഞ്ജനം മുതലായ സകല ജംഗമങ്ങളുടെയും തൂക്കം, വില, പഴക്കം മുതലായ വിവരങ്ങളോടുകൂടി ഒരു ലിസ്റ്റ് തയ്യാറാക്കണം.

സി. പള്ളിവക പ്രമാണങ്ങളുടെ ഒരു ലിസ്റ്റ് തയാറാക്കണം.

ഡി. പള്ളിയിൽ നിത്യനിദാനം,പതിവടിയന്തിരങ്ങൾ ഇവകൾക്കു വേണ്ടിവരുന്ന ചെലവു കാണിക്കുന്ന ഒരു പടിത്തരം തയ്യാറാക്കണം.

ഇ. പള്ളിവക ഏതെങ്കിലും പ്രമാണങ്ങളോ സാമാനങ്ങളോ ആരുടെഎങ്കിലും കൈവശം ഇരുന്നിരുന്നിരുന്നാൽ അതു പള്ളിയിൽ വരുത്തണം.

എഫ്. പള്ളിയിൽ ഉപയോഗിക്കേണ്ട റജിസ്റ്റർ, കുറികൾ മുതലായവയുടെ ഫാറം തയ്യാറാക്കി അച്ചടിപ്പിക്കണം.

ജി. ഈ പള്ളിയിലെ ഇടവകപട്ടക്കാരുടെയും ഇടവകയിൽപെട്ട എല്ലാ സ്ത്രീ പുരുഷന്മാരുടേയും ഒരു ലിസ്റ്റ് [ഇടവക റജിസ്റ്റർ] തയ്യാറാക്കണം. ഇതിൽ ഓരോരുത്തരുടേയും വീട്ടുപേർ ഇരട്ടപ്പേർ പാർക്കുന്നസ്ഥലം മുതലായ എല്ലാ വിവരങ്ങളും കാണിച്ചിരിക്കണം.

൧൯. ഈ ലിസ്ററുകളും പടിത്തരവും തയ്യാറാക്കിയതിനുശേഷം ഇന്നുമുതൽ മൂന്നുമാസത്തിനകം ഇടവകയോഗം കൂട്ടേണ്ടതും ആ യോഗത്തിൽ ടി ലിസ്ററുകൾ മുതലായവയെ വായിക്കുകയും അതിൽ എല്ലാ കമ്മട്ടി മെമ്പ്രന്മാരും എല്ലാ പ

ട്ടക്കാരും ഹാജരുള്ള ഇടവകക്കാരിൽ ൩ം-ൽ കുറയാതെ ആളുക
ളുകളും ഒപ്പിടേണ്ടതും ഈ ലിസ്റ്റുകളുടേയും പടിത്തരത്തി
ന്റേയും അസൽ മേൽപ്പട്ടിൽ വെയ്ക്കേണ്ടതും ആകുന്നു.

൨൨. കമ്മട്ടി മെമ്പ്രന്മാരിൽ ആർക്കെങ്കിലും ഒഴിവു വ
ന്നാൽ ആ സ്ഥാനത്തേക്കു ശേഷമുള്ള കമ്മട്ടിമെമ്പ്രന്മാർക്കു വേ
റെ ആളെ നിയമിക്കാവുന്നതാണ്.

൨൩. കമ്മട്ടിക്കാർക്കു പട്ടക്കാരുടെ വൈദീകനടപടിക
ളിൽ പ്രവേശിക്കാനൊ അവയെ സംബന്ധിച്ചു എന്തെങ്കിലും
നിശ്ചയങ്ങൾ ചെയ്വാനൊ അധികാരമില്ലാത്തതാകുന്നു.

൬. ഇടവകയോഗം.

൨൪. സാധാരണയായി ഇടവകയോഗം ആണ്ടുതോറും മ
കരമാസം ൧൫-ാംനു-ക്കുമേൽ കൂടേണ്ടതാണ്. ഇടവകയോഗം
കൂടുന്നതിനുള്ള നോട്ടീസ്സ ഇടവകയിൽപെട്ട എല്ലാ വീട്ടുകാ
ൎക്കും പ്രത്യേകം കൊടുത്തുനടത്തുന്നതു അസാദ്ധ്യമാകയാൽ യോ
ഗം കൂടുന്നതിനു നിശ്ചയിച്ചിരിക്കുന്ന തീയതിക്കു രണ്ടാഴ്ച മു
ൻപു ഒരു നോട്ടീസ്സ എഴുതി പള്ളിയുടെ പടിഞ്ഞാറുവശത്തു
നോട്ടീസ്സപലകയിൽ ഒട്ടിക്കണം. ഇതു കൂടാതെ രണ്ടു ഞായറാ
ഴ്ച ചൊല്ലുന്ന പട്ടക്കാരൻ ഇടവകയോഗം ഇത്രാംതീയതി കൂടുന്ന
താണെന്നു പള്ളിയിൽവിളിച്ചുപറയുകയും ചെയ്യണം. ഇപ്ര
കാരം നോട്ടീസ്സുകൾ പരസ്യപ്പെടുത്തിയശേഷം കൂടുന്ന യോഗ
ത്തിലെ നിശ്ചയങ്ങൾ ഇടവകക്കാർ എല്ലാവരുടേയും നിശ്ചയ
ങ്ങളായി ഗണിക്കപ്പെടുന്നതും മറവുതരത്തിൽ ഉണ്ടാകുന്ന നിശ്ച
യങ്ങൾ അങ്ങനെ ഗണിക്കപ്പെടുവാൻ പാടില്ലാത്തതും ആകുന്നു.

൨൫. ഇടവകയോഗത്തിൽ ബ. വികാരിയച്ചൻ ഹാജ
രുണ്ടെങ്കിൽ അദ്ദേഹമൊ ഹാജരില്ലാത്തപക്ഷം വേറെ ഏതെ
ങ്കിലും ഒരു പട്ടക്കാരനൊ അദ്ധ്യക്ഷം വഹിക്കണം.

൨൬. ഇടവകയോഗത്തിന്റെ സാധാരണയോഗത്തിൽ
നടത്തേണ്ട വിഷയങ്ങൾ.

എ. കഴിഞ്ഞകൊല്ലത്തെ റിപ്പോർട്ടു, ബാക്കിപ്പത്രം
കണക്കുപരിശോധകന്മാരുടെ റിപ്പോർട്ടു ഇവ കൈക്കാരൻ വാ
യിക്കണം.

ബി. ഇവയെ അംഗീകരിക്കുന്നപക്ഷം അപ്രകാരവും
അല്ലാത്ത പക്ഷം കാരണസഹിതം നിഷേധിച്ചും റസല്യൂഷൻ
പാസ്സാക്കണം.

സി. പുതിയകൊല്ലത്തേക്കു കൈക്കാരനേയും കമ്മട്ടി

മെമ്പ്രന്മാരെയും രണ്ടുകണക്കു പരിശോധകന്മാരേയും തിരഞ്ഞെടുക്കണം.

ഡി. ഇവകൂടാതെ വിശേഷാൽ വല്ല സംഗതിയും ആലോചനാ വിഷയമായി നോട്ടീസ്സിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ ആ സംഗതിയെപ്പററി ആലോചിച്ചു തീരുമാനിക്കണം.

ഇ. ബാക്കിപത്രം അച്ചടിപ്പിച്ചു ഇടവകയിൽ പ്രചരിപ്പിക്കണം.

൧൮. അതാതു ആണ്ടത്തെ ബാക്കിപ്പത്രം റിപ്പോർട്ടു ഇതുകളുടെ പകപ്പുകൾ മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു അയച്ചു കൊടുക്കണം.

൧൯. വിശേഷാൽയോഗം. ഇടവകക്കാരുടെ സാധാരണയോഗം കൂടാതെ വിശേഷാൽ യോഗം കൂടേണ്ട ആവശ്യമുണ്ടെന്നു വികാരിയച്ചനൊ കമ്മട്ടിക്കൊ തോന്നുന്നപക്ഷം മേൽപ്രകാരം നോട്ടീസ്സുകൊടുത്തു യോഗം കൂട്ടാവുന്നതും ആണ്. അങ്ങനെയുള്ള നോട്ടീസുകളിൽ ഇന്ന ഇന്ന സംഗതികളെപ്പററി ആലോചിപ്പാനാണെന്നു വിവരമായി പ്രസ്താവിച്ചിരിക്കേണ്ടതും ആ സംഗതികളെപ്പററിമാത്രം ആ മീററിങ്ങിൽആലോചിക്കുകയൊ തീരുമാനിക്കയോ ചെയ്യേണ്ടതുമാണ്.

൨൦. ഏതെങ്കിലുംപ്രത്യേക സംഗതിയെയൊ സംഗതികളെയോ സംബന്ധിച്ചു ആലോചിപ്പാനായി വിശേഷാൽ യോഗം കൂടണമെന്നു ഇടവകക്കാരിൽ ൫൦ പേരിൽ കുറയാതെ ആളുകൾക്കു അപേക്ഷയുള്ള പക്ഷം അവർ ഒപ്പിട്ടും ഇന്ന ഇന്ന സംഗതികളേപ്പററി ആലോചിപ്പാൻ എന്നു വിശദമായി പ്രസ്താവിച്ചും ഒരപേക്ഷ ബ വികാരി അച്ചനു കൊടുക്കാവുന്നതും അച്ചൻ ആ അപേക്ഷയെ നിറവേററുന്നതിലേക്കായി േ ൽ എഴുതിയിരിക്കുന്ന വിധം നോട്ടീസു കൊടുത്തു ഇടവകയേ ഗംവിളിച്ചുകൂട്ടേണ്ടതുമാണ്. എന്നാൽ യോഗദിവസം അേ ക്ഷയിൽ ഒപ്പിട്ടിട്ടുള്ളവരിൽ നൂററിനു എഴപത്തഞ്ചുവീതം ഹാജരില്ലെങ്കിൽ യോഗം കൂടീട്ടാവശ്യമില്ലാത്തതും അതേ ംഗതിയേപ്പററി ആലോചിപ്പാനായി ഈ വകുപ്പിൽ വിവ ിച്ചിരിക്കുന്ന വിധത്തിൽ വിശേഷാൽ യോഗം കൂട്ടുന്നതിനു പാടില്ലാത്തതും ആകുന്നു. എങ്കിലും ഇടവകയോഗം വിളിച്ചുകൂട്ടുന്നതിനു കമ്മററിക്കുള്ള അ?ധികാരത്തെ ഈ വകുപ്പു നശിപ്പിക്കുന്നതല്ല.

൨൧. മേൽ വിവരിച്ച വിധത്തിലല്ലാതെ കൂട്ടുന്ന യാ

തൊരു യോഗവും ഇടവകയോഗമായി ഗണിപ്പാൻ പാടില്ലാത്തതാകുന്നു.

൮. മേൽപ്പൂട്ട്.

൪൨. ഇപ്പോഴും ഭണ്ഡാരമുറിക്കു പല താക്കോലുകളും അവ കുടുംബപരമ്പര എന്ന നിലയിൽ പലരുടെ കൈവശത്തിലും ഇരിക്കുന്നതിനാൽ ആരുംതന്നെ ചുമതലയുള്ളവരായിരിക്കുന്നില്ലെന്നും ഏതാനും പേരുടെ കൈവശം മേൽപ്രകാരം താക്കോലുകൾ ഇരിക്കുന്നതിനാൽ ഇടവകയിൽ ചില മത്സരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാലും തങ്ങളുടെ കൈവശം ഉള്ള താക്കോലുകൾ വച്ചു ഒഴിഞ്ഞിരിക്കുന്നതിനാൽ മേൽപൂട്ടു സംബന്ധമായി താഴെ എഴുതിയിരിക്കുന്ന നിശ്ചയങ്ങളെ പാസ്സാക്കിയിരിക്കുന്നു.

൪൩. മേൽപൂട്ട് എന്ന ഭണ്ഡാരമുറിയിലേക്കു പ്രവേശിക്കുന്നതിനു മേലാൽ രണ്ടു താക്കോലുകൾ മതിയാകുന്നതും, അതു രണ്ടും രണ്ടുതരമായിരിക്കുന്നതും ഒന്നു വികാരിയച്ചന്റെ കൈവശവും മറേറതു കൈക്കാരന്റെ കൈവശവും ഇരിക്കുന്നതുമാണ്.

൪൪. ഭണ്ഡാരമുറിയിൽ പൊൻ വെള്ളി സാമാനം വയ്ക്കുന്നതിനു ഒന്നും, പണം വയ്ക്കുന്നതിനു ഒന്നും ഇങ്ങനെ രണ്ടു പെട്ടിയോ അൽമാരിയോ ഉണ്ടായിരിക്കുന്നതും അവയിൽ ഓരോന്നിനും മേൽപ്രകാരം രണ്ടു താക്കോലുകൾ വീതം ഉണ്ടായിരിക്കേണ്ടതും ഒരു താക്കോൽ ബഹുമാനപ്പെട്ട വികാരി അച്ചന്റെ കൈവശവും മറേറതു കൈക്കാരന്റെ കൈവശവും ഇരിക്കേണ്ടതും ആകുന്നു.

൪൫. പള്ളിവകയായി ഇപ്പോഴുള്ളതിൽ ഏതെല്ലാം സാമാനങ്ങൾ ഭണ്ഡാരമുറിയിൽ വയ്ക്കണമെന്നും ശേഷം സാമാനങ്ങൾ ഏതുവിധം സൂക്ഷിക്കണമെന്നും കമ്മററിക്കാർ തീരുമാനിക്കുന്നതനുസരിച്ചു നടത്തണം.

൪൬. ഭണ്ഡാരമുറിയിൽ വയ്ക്കുന്ന എല്ലാ സാമാനങ്ങളുടെയും ലിസ്റ്റ് ഉടൻ തയ്യാറാക്കി അതു ഒരു ബുക്കിൽ എഴുതി കമ്മററിമെമ്പ്രന്മാർ എല്ലാവരും ഒപ്പിട്ടു ഭണ്ഡാരമുറിയിൽ തന്നെ വച്ചു സൂക്ഷിക്കേണ്ടതും, ഏതെങ്കിലും സാമാനങ്ങൾ പുറത്തേക്കു എടുക്കുമ്പോൾ ഇന്ന ആവശ്യത്തിനു എടുത്തു എന്നും തിര്യെ വയ്ക്കുമ്പോൾ ആ വിവരവും ആ പുസ്തകത്തിൽ എഴുതിയിരിക്കേണ്ടതുമാണ്. അതുപോലെ ഭണ്ഡാരത്തിൽ വയ്ക്കുന്നതും എടുക്കുന്നതുംആയ പണംസംബന്ധിച്ചു ഒരു കണക്കു

ണ്ഡാരമുറിയിൽ സൂക്ഷിക്കണം.

൯. കണക്കുപരിശോധകന്മാർ

൪൬. കണക്കുപരിശോധകന്മാർ രണ്ടുപേരിൽ ഒരാൾ ഇടവകയിൽ പെട്ട പട്ടക്കാരനും, പിന്നെ ഒരാൾ അയ്മേനിയും ആയിരിക്കണം. ഇവർ കമ്മററിമെമ്പ്രന്മാർ അല്ലാത്തവർ ആയിരിക്കണം.

൪൭. വഷാന്ത്യ ബാക്കിപ്പത്രം മുതലായവ പരിശോധകന്മാരെ ഏല്പിക്കുന്നതിനോടുകൂടി സ്ഥാവരലിസ്റ്റ്, ജംഗമലിസ്റ്റ്, മേൽപൂട്ടലിസ്റ്റ് രസീതുകൾ മുതലായവയും കൂടി പരിശോധകന്മാൎക്ക കൊടുക്കേണ്ടതും, അവർ ലിസ്ററുകളും സാമാനങ്ങളും പരിശോധിക്കുകയും തിട്ടപ്പെടുത്തുകയും ചെയ്യേണ്ടതും അവരുടെ റിപ്പോർട്ടിൽ ഈ സംഗതികളെപ്പററി പ്രസ്താവിച്ചിരിക്കേണ്ടതുമാണ്.

൪൮. കണക്കുപരിശോധകന്മാർ ആവശ്യപ്പെടുന്ന എല്ലാ റിക്കാർട്ടുകളും കമ്മററിക്കാരും വികാരിഅച്ചനും കൈക്കാരനും അവൎക്ക ഉടൻ കൊടുക്കേണ്ടതും ഏതെങ്കിലും സംഗതിയെപ്പററി കൂടുതൽ വിവരങ്ങൾ ചോദിക്കുന്ന പക്ഷം വേണ്ട അറിവുകൾ കൊടുക്കേണ്ടതും ആകുന്നു.

൪൯. കണക്കുകൾ വയ്ക്കുന്ന സമ്പ്രദായം, അവയെ വച്ചിരിക്കുന്ന രീതി, സാമാനങ്ങൾ സൂക്ഷിക്കുന്ന സമ്പ്രദായം ഇവയെപ്പററിയും അഭിപ്രായം പറയുന്നതിനു പരിശോധകന്മാൎക്ക അധികാരം ഉള്ളതാകുന്നു.

൧൦ പലവക.

൫൦. ആണ്ടിന്റെ ആരംഭം മകരമാസം മുതൽ ആയിരിക്കണം.

൫൧. ഈ നിയമത്തിൽ എന്തെങ്കിലും കൂട്ടുന്നതിനും കുറയ്ക്കുന്നതിനും ഉള്ള അധികാരം ഇടവക യോഗത്തിനുള്ളതാണ്.

൫൨. ഈ ആണ്ടത്തേക്കു കൈക്കാരനായി ഇലഞ്ഞിക്കൽ ജോൺ വക്കീൽ അവർകളെ തിരഞ്ഞെടുത്തിരിക്കുന്നതിനാൽ വിവരം മെത്രാപ്പോലീത്താ തിരുമേനിയെ അറിയിച്ചു അനുവാദ കല്പന വരുത്തേണ്ടതാണ്.

൫൩. ഈ കൊല്ലത്തേക്കുള്ള കമ്മട്ടി മെമ്പ്രന്മാരെ ഇപ്പോൾതന്നെ തിരഞ്ഞെടുക്കണമെന്നു നിശ്ചയിക്കുകയും ഈ ആണ്ടത്തെ കമ്മട്ടി മെമ്പ്രന്മാരായി താഴെ പേരു പറയുന്ന ആളുകളെ തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

൧. വികാരി അച്ചൻ, പള്ളിവാതുക്കൽ ഗീവറുഗീസു
കത്തനാരു അവർകൾ.
൨. പനക്കാമററത്തു അബ്രഹാം കത്തനാരു് ,,
൩. കുററിക്കാട്ടിൽ കുറിയാക്കോസു കത്തനാരു് ,,
൪. നടുവിലെമുറിയിൽ കുറിയാക്കോസു കത്തനാരു് ,,
൫. ഇലഞ്ഞിക്കൽ ജോൺ വക്കീൽ ,,
൬. ടി. യിൽ ഇടിച്ചെറിയ അയിപ്പു്. ,,
൭. പനങ്ങോട്ടേത്തു പി. കൊച്ചുമ്മൻ ,,
൮. പുത്തുപ്പള്ളിൽ പോത്ത കൊച്ചുപോത്ത. ,,
൯. തയ്യിൽ ചെറിയാൻ പീലിപ്പോസ്സു് ,,
൰. മട്ടക്കൽ പുതുക്കേരിൽ പുത്തൻകോയിക്കൽ
വൈദ്യൻ ചാക്കൊ പെരുമാൾ ,,
൰൧. മണലേൽമഠത്തിൽ ചണ്ടി വാദ്ധ്യാർ ,,
൰൨. പനക്കാമററത്തു തേവേരിൽ ചാണ്ടപ്പിള്ള
നൈനാ ,,

൧൩. കമ്മട്ടിക്കാൎക്കു പൊതുയോഗത്തിന്റെ അനുവാദം കൂടാതെ ഇനിയും ഒരു നിശ്ചയം ചെയ്യുന്നതുവരെ ഒരേ സംഗതിക്കു് ആയിരം രൂപായിൽ കവിഞ്ഞു ചെലവു ചെയ്യാൻ പാടില്ലാ.

൧൪. ഈ ആണ്ടത്തെ കണക്കു പരിശോധകന്മാരായി കാരിക്കോട്ടു ബാർ സ്ലീബി കത്തനാരച്ചൻ അവർകളേയും തയ്യിൽ വടക്കേടത്തു ഇടിക്കുള അവർകളേയുംനിയമിച്ചിരിക്കുന്നു.

൧൫. ഈ ആണ്ടത്തെ കൈക്കാരനായി നിയമിച്ചിരിക്കുന്ന ഇലഞ്ഞിക്കൽ ജോൺ വക്കീൽ അവർകൾ സ്ഥലത്തു സ്ഥിരതാമസം ഇല്ലാത്തതിനാൽ ടിയാൻ സ്ഥലത്തു് ഇല്ലാതിരിക്കുന്ന അവസരത്തിൽ ടിയാനുവേണ്ടി ഒപ്പിടേണ്ടതായ എല്ലാ റിക്കാർട്ടുകളും ഒപ്പിടുന്നതിനായി പനങ്ങോട്ടേത്തു ,കൊച്ചുമ്മൻ അവർകളെ അധികാരപ്പെടുത്തിയിരിക്കുന്നു.

൧൬. ഇപ്പോഴത്തെ കമ്മിട്ടിക്കാരുടേയും കൈക്കാരന്റേയും കാലാവധി ഈ ആണ്ടിന്റെ ശേഷിച്ച മാസങ്ങളും അടുത്ത ഒരു കൊല്ലവും ആയിരിക്കണം.

൧൭. ബ: വികാരിയച്ചൻ അവർകൾക്കു വയസ്സും ക്ഷീണവും ആകയാൽ അദ്ദേഹത്തിന്റെ പ്രതിപുരുഷനായി അദ്ദേഹത്തിന്റെ കാലത്തോളവും മകൻ അബ്രഹാം കത്തനാരും വികാരിയുടെ അധികാരകൃത്യങ്ങൾ നടത്തുവുന്നതാണു്.

ഈ നിശ്ചയങ്ങൾ നാം വായിച്ചു നോക്കി അനുവദിച്ചി
ട്ടുള്ളവയാണ് എന്നു മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോ
സ മെത്രാപ്പോലീത്താ.

൧൧. ൩. കൊല്ലം ൧൦൯൪-ാമാണ്ടു ഇടവമാസം
൩-ാംനു നിരണത്തു പള്ളിയിൽ വച്ചു ഒപ്പ് (മുദ്ര)